**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4305. 24.06.2019 ൽ മറുപടിയ്ക്ക്**

## ലഹരി ഉപയോഗ നിയന്ത്രണത്തിന് ബോധവത്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന 2016 ജൂലൈ മുതൽ 2019 ഏപ്രിൽ വരെയുള്ള 34 മാസക്കാലയളവിലെ മദ്യ വിൽപ്പന മുൻ സർക്കാരിന്റെ 2013 സെപ്റ്റംബർ മുതൽ 2016 ജൂൺ വരെയുള്ള 34 മാസക്കാലയളവിലെ മദ്യവിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ, ഇൻഡ്യൻ നിർമ്മിത വിദേശമദ്യം (ഐ.എം.എഫ്.എൽ) വിൽപ്പനയിൽ 20.46 ലക്ഷം കെയ്സുകളുടെ കുറവും, ബിയർ വിൽപ്പനയിൽ 3.37 ലക്ഷം കെയ്സുകളുടെ കുറവും ഉണ്ടായിട്ടുണ്ട്. |
| (ബി) | ബോധവത്കരണത്തിലൂടെ മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം കുറക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും ബോധവത്കരണ പ്രവർത്തനത്തിലൂടെയും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വ്യാപനം ചെറുക്കുന്നതിന് സർക്കാരിനായിട്ടുണ്ട്. |
| (സി) | മദ്യത്തിന്റെ ഉത്പാദനം കുറയ്ക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിക്കാത്തതാണ് മദ്യ ഉപയോഗത്തിൽ വന്ന വർദ്ധനവിന് കാരണമെന്ന് കരുതുന്നുണ്ടോ; | (സി) യും (ഡി) യും | ശരിയല്ല. മദ്യത്തിന്റെ ഉപഭോഗത്തിൽ കഴിഞ്ഞ 34 മാസത്തിന്റെ ഉപഭോഗവും അതിനു തൊട്ടുമുമ്പുള്ള 34 മാസത്തെ ഉപഭോഗവും താരതമ്യം ചെയ്യുതിൽ ഉപഭോഗത്തിൽ വർദ്ധനവുണ്ടായതായി കാണുന്നില്ല. |
| (ഡി) | ഇല്ലെങ്കിൽ ഇതിന് കാരണമെന്തെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ